# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1677 04/10/2016-ൽ മറുപടിക്ക്

## വൈദ്യുതി ലൈനുകൾ

| | ചോദ്യം<br><br>ഡോ.എൻ.ജയരാജ് | | ഉത്തരം<br><br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | റോഡുകൾ ഇല്ലാതിരുന്ന സമയത്ത് സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളിലൂടെ വലിച്ചിരുന്ന വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) | സ്വകാര്യ വ്യക്തികളുടെ പുരയിടത്തിൽ നിന്നും ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് അപേക്ഷ ലഭിച്ചാൽ സാങ്കേതികമായി സാദ്ധ്യമാണെങ്കിൽ അതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ലൈൻ മാറ്റി സ്ഥാപിക്കേണ്ടത് അപേക്ഷകന്റെ പുരയിടത്തിലേക്ക് തന്നെയാണെങ്കിൽ പണിക്കൂലി മാത്രവും പുരയിടത്തിന് പുറത്തേക്ക് സ്ഥാപിക്കണമെങ്കിൽ വേണ്ടിവരുന്ന സാധനങ്ങളുടെയും പണിക്കൂലിയുടെയും ചെലവും അപേക്ഷകരിൽ നിന്നും ഈടാക്കി പ്രവർത്തി നിർവഹിക്കുകയാണ് നിലവിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പിന്തുടരുന്നത്. |
| (ബി) | പിന്നീട് വന്ന റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് വീണ്ടും ലൈൻ വലിക്കുന്നതുമൂലം അധിക ചെലവുണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പുരയിടങ്ങളിലൂടെ കടന്നുപോകുന്ന ലൈനിൽ മരങ്ങൾ തട്ടിയുണ്ടാകുന്ന പ്രസരണനഷ്ടം കണക്കാക്കിയിട്ടുണ്ടോ; | (സി) & (ഡി) | ഇല്ല. |
| (ഡി) | ഇതുമൂലം വോൾട്ടേജ് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |

സെക്ഷൻ ഓഫീസർ